പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :2010

07.03.2017-ൽ
മറുപടിക്ക്

## കീഴ്ക്കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ

**ചോദ്യം**

**ശ്രീ. എം. നൗഷാദ്**

(എ) സംസ്ഥാനത്തെ കീഴ്ക്കോടതികളിൽ കേസുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കീഴ്ക്കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളെക്കുറിച്ച് പഠിക്കാനും വ്യക്തത വരുത്താനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ കൈവശമുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
**(ബഹു. മുഖ്യമന്ത്രി)**

(എ) യും (ബി) യും (സി) യും

31.12.2016 വരെയുള്ള കണക്കനുസരിച്ച് 5 വർഷത്തിലേറെ പഴക്കമുള്ള 26,982 ക്രിമിനൽ കേസുകളും 22,507 സിവിൽ കേസുകളും സംസ്ഥാനത്തെ കീഴ്ക്കോടതികളിൽ തീർപ്പാകാനുണ്ട്. കീഴ്ക്കോടതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് കേരളാ ഹൈക്കോടതി സ്ഥിരം സമ്പ്രദായ രീതി അവലംബിച്ചിട്ടുണ്ട്. ആവശ്യമായ നിർദ്ദേശങ്ങൾ കാലാനുസൃതമായി നൽകിക്കൊണ്ട് കേസുകൾ തീർപ്പാക്കുന്നതിനും വിധി നിർണ്ണയത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.

10 വർഷത്തിലേറെ പഴക്കമുള്ള കേസുകൾ തീർപ്പാക്കുന്നതിന് കീഴ്ക്കോടതികളോട് റിപ്പോർട്ട് ഹൈക്കോടതി ആവശ്യപ്പെടുകയും ആയത് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

[signature]
സെക്ഷൻ ഓഫീസർ